(ബി) വനങ്ങളിലെ കഞ്ചാവുകൃഷി തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വനങ്ങളിലെ കഞ്ചാവുകൃഷി തടയുന്നതിനു പ്രത്യേക സ്കാഡ് രൂപീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(എച്ച്) വിശദാംശം വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുണ്ട്.

(സി) കഞ്ചാവുകൃഷി കണ്ടെത്തി നശിപ്പിക്കുന്നതിനും കൃഷി നടത്തുന്നതിനുള്ള ശ്രമങ്ങൾ തടയുന്നതിനും പ്രത്യേക സംവിധാനം ഉൾക്കൊള്ളുന്ന ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

(ഡി) വനപ്രദേശങ്ങളിലെ കഞ്ചാവു കൃഷി ചെയ്യുന്ന സ്ഥലങ്ങൾ, കൃഷിചെയ്യുന്ന ആൾക്കാർ, അവർക്ക് പിന്തുണ നൽകുന്നവർ ഇവരെപ്പറ്റി രഹസ്യ വിവരം ശേഖരിക്കുക, കഞ്ചാവു കൃഷി കണ്ടെത്തി നശിപ്പിക്കുക, കുറ്റവാളികളെ കോടതിയിൽ എത്തിക്കുക, കഞ്ചാവു കൃഷിയെക്കുറിച്ചുള്ള വിവര ശേഖരണം നടത്തുക, കഞ്ചാവു കൃഷിക്കെതിരെ ബോധവൽക്കരണം നടത്തുക, ഏരിയൽ സർവ്വേ നടത്തി കഞ്ചാവു കൃഷിയുള്ള സ്ഥലങ്ങൾ കണ്ടെത്തുക മുതലായവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി &എച്ച്) സർക്കാരിന്റെ പരിശോധനയിലാണ്.

വനം വകുപ്പിൽ ശിക്ഷാനടപടി സംബന്ധിച്ച ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം

61 (2774) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ ജീവനക്കാരുടെ ശിക്ഷണ നടപടി സംബന്ധിച്ച ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഴിമതി, വനംകൊള്ള, സാമ്പത്തിക വെട്ടിപ്പ് എന്നീ കുറ്റങ്ങൾക്ക് ജീവനക്കാരുടെ പേരിൽ നിലവിലുള്ള ശിക്ഷണ നടപടി ഫയലുകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കാത്തതുമൂലം യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്ന കാര്യം അറിയാമോ ;

(സി) ശിക്ഷാനടപടി സംബന്ധിച്ച ഫയലുകളിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) അന്വേഷണം നടത്തേണ്ട കേസ്സുകളിൽ നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് നൽകാത്ത അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഇ) അന്വേഷണ റിപ്പോർട്ട് ലഭിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ നടപടി പൂർത്തിയാക്കി ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാകുമോ ;

(എഫ്) ഇപ്പോൾ വനം വകുപ്പിൽ കുടിശ്ശികയുള്ള ശിക്ഷണനടപടി ഫയലുകളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ജി) കുടിശ്ശിക ഫയലുകളിൽ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എച്ച്) കുടിശ്ശിക ഫയലുകളിൽ പുരോഗതി മൂന്നു മാസത്തിലൊരിക്കൽ റിവ്യൂ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കാറുണ്ട്.

(സി) ശിക്ഷാനടപടി സംബന്ധിച്ച ഫയലുകളിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തീർപ്പു കൽപ്പിക്കണമെന്നാണ് നിലവിലുള്ള നിബന്ധന.

(ഡി) അന്വേഷണം നടത്തുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ മറ്റു പല ഔദ്യോഗിക കൃത്യങ്ങൾക്കും പ്രവർത്തികൾക്കും പുറമെയാണ് അന്വേഷണം നടത്തേണ്ടത്. അതിനാൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ചിലപ്പോൾ കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ അന്വേഷണത്തിന് മനപൂർവ്വം കാലതാമസം വരുത്തുന്ന അന്വേഷണ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

(ഇ) ഇതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly